# ഹെൽപ്പ് 2016-17

( അക്കാദമിക മാനേജ്മെന്റ് ഫലപ്രദമാക്കുന്നതിനുള്ള പിന്തുണാസാമഗ്രി)

അധ്യാപകപരിശീലനത്തിൽ വിനിമയം ചെയ്ത ആശയങ്ങളും എത്തിച്ചേർന്ന ധാരണകളും അവയെ പ്രയോജനപ്പെടുത്തി പഠനമികവിനായി പ്രവർത്തിക്കുന്ന ക്ലാസിൽ പഠനബോധനത്തെളിവായി കാണാവുന്ന പ്രക്രിയും ഉല്പന്നങ്ങളുമാണ് ഇതിൽ നൽകിയിട്ടുള്ളത്. ഓരോ ക്ലാസിലും വിഷയത്തിലും വിദ്യാലയത്തിൽ ട്രൈ ഔട്ട് ചെയ്യണമെന്ന ധാരണയായ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിൽ ചർച്ച ചെയ്ത കാര്യങ്ങളുടെ പ്രായോഗികതയും ഫലപ്രാപ്തിയും കണ്ടെത്തുന്നതിനാണ് ട്രൈ ഔട്ട് നിർദേശിച്ചിട്ടുള്ളത്. പല പ്രശ്നങ്ങൾക്കുമുള്ള ഉത്തരം കണ്ടെത്തുന്നതിന് കേരളത്തിലെ അധ്യാപകരുടെ ഗവേഷണാത്മകമായ ഇട പെടൽ ആവശ്യമാണ്. അതിനാൽ ഏതെല്ലാം ക്ലാസുകളിൽ ഏതെല്ലാം ട്രൈഔട്ടുകൾ നടത്തണമെന്ന് എസ് ആർ ജിയിൽ തീരുമാനിക്കേണ്ടതുണ്ട്. പ്രഥമാധ്യാപിക ഇക്കാര്യത്തിൽ നേതൃത്വം വഹിക്കേണ്ടതാണ്. വിദ്യാലയത്തിലെ അക്കാദമിക മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനു ലക്ഷ്യം വെച്ച് തയ്യാറാക്കിയ ഈ സാമഗ്രി പ്രഥമാധ്യാപകർക്ക്-

- അധ്യാപനക്കുറിപ്പ് വിലയിരുത്തുന്നതിനും
- ക്ലാസ് മോണിറ്ററിംഗ് നടത്തുന്നതിനും
- എസ് ആർ ജി ആസൂത്രണത്തിനും
- ക്ലാസ് പി ടി എയുടെ ഉള്ളടക്കം തീരുമാനിക്കുന്നതിനും
- വിദ്യാലയത്തിലെ പഠനമികവ് ഉയർത്തുന്നതിനും

ഏറെ പ്രയോജനം ചെയ്യും. ജൂൺ ജൂലൈ മാസങ്ങളിലെ പ്രഥമാധ്യാപകപരിശീലനങ്ങളിലും അവലോകന യോഗങ്ങളിലും ഇത് ചർച്ച ചെയ്യപ്പെടും. ക്ലസ്റ്റർ പരിശീലനത്തിലെ അവലോകനത്തിലേക്ക് ഈ കാര്യങ്ങൾ പരിഗണിച്ച് നിർവഹണാനുഭവങ്ങളും തെളിവുകളും സഹിതം തയ്യാറായി വരുന്നതിന് അധ്യാപ കരോട് പ്രഥമാധ്യാപിക നിർദേശിക്കേണ്ടതുണ്ട്.

ഐ എസ് എം ടീം, മറ്റ് അക്കാദമിക പിന്തുണാസംഘങ്ങൾ എന്നിവർക്ക് വർഷാരംഭത്തിൽ ഫലപ്രദമായി ചുമതല നിറവേറ്റുന്നതിന് ഈ പിന്തുണാസാമഗ്രി ദിശാബോധം നൽകും

ക്ലാസ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ നൽകുന്നു.

## ഒന്നാം ക്ലാസ്

| **അധ്യാപകപരിശീലനത്തിൽ<br>എത്തിച്ചേർന്ന ധാരണകൾ** | **ഒന്നാം ക്ലാസിൽ കാണേണ്ടത്/ ചെയ്യേണ്ടത്/തെളിവായി കിട്ടേണ്ടത്.** |
|---|---|
| 1. **വായനാസാമഗ്രി**<br>1. ആദ്യ ക്ലാസ് മുതൽ വായനാസാമഗ്രികൾ ഉപയോഗിക്കാം ( പാട്ട്. ചിത്രകഥ..)<br>2. വായനാസാമഗ്രി അതത് തീമുമായി ബന്ധപ്പെടുത്തി രൂപീകരിക്കണം ( വീട്)<br>3. വായനാസാമഗ്രി ഗ്രാഫിക് റീഡിംഗ് തലത്തിലും ഉപയോഗിക്കാം ( പ്രക്രിയാപരമായ അനുയോജ്യവത്കരണം നടത്തണം | 1.പഠനപ്രമേയവുമായി (ഉദാ വീടുമായി )ബന്ധപ്പെട്ട കവിതകൾ (ഉണ്ടൊരു കൊച്ചു കളിപ്പന്തൽ, താരക്കുഞ്ഞേ വാ വാ വാ..), ചിത്ര കഥകൾ, വിവരണങ്ങൾ ,ചിത്രങ്ങൾ തുടങ്ങിയവ ക്ലാസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.<br>2. ടീച്ചർ സ്വന്തമായും കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ നിർമിച്ചതുമായ വായനാസാമഗ്രികൾ ഉപയോഗിക്കുന്നുണ്ട്<br>3. വായനാസാമഗ്രിയിൽ നിന്നും നിശ്ചിത ആശയം വരുന്ന വാക്യങ്ങൾ, താളാത്മകമായതും മനസിൽ പതിയുന്നതുമായ പദങ്ങൾ എന്നിവ |

| | |
|---|---|
| 4. വായനാസാമഗ്രിക്ക് തയ്യാറാക്കുമ്പോൾ, കണ്ടെത്തുമ്പോൾ ചിത്രം, അക്ഷര വലിപ്പം, വരികളുടെ വിന്യാസം, താളം, ലഘുവാക്യം, ഭാവന, പുതുമ, ആശയക്രമീകരണം, അക്ഷര, പദ ആവർത്തനം, നിറം, അഭിനയസാധ്യത എന്നിവ പരിഗണിക്കണം<br>5. അക്ഷരങ്ങൾ മനസിൽ പതിയുന്നതിനു സഹായകമായ രീതിയിൽ പദങ്ങളുടെ താളത്തിലുള്ള ആവർത്തനം വായനാസാമഗ്രികളിൽ വേണം . | കണ്ടെത്തുന്നതിനു അവസരം ( ഗ്രാഫിക് റീഡിംഗ്)<br>4. പദങ്ങളിൽ നിന്നും അക്ഷരങ്ങൾ തിരിച്ചറിയാൻ സഹായകമായ പ്രവർത്തനം<br>5. വായനാസാമഗ്രിയെ അടിസ്ഥാനമാക്കിയുള്ള ചർച്ച നടക്കുന്നുണ്ട്.<br>6. ടീച്ചിംഗ് മാന്വലിൽ വായനാസാമഗ്രിയുടെ ഉപയോഗപ്രക്രിയ വ്യക്തമാണ്.<br>7. വായനാസാമഗ്രിയുടെ ഉപയോഗം സംബന്ധിച്ച് പ്രതികരണപ്പേജിൽ കുറിപ്പുകൾ. |
| 2. **ആഴത്തിലുള്ള വായന**<br>1. സൂക്ഷ്മവായന നടത്തണം. (നിരീക്ഷണം,ബന്ധം കണ്ടെത്തൽ, അനുഭവവുമായി ബന്ധിപ്പിക്കൽ, തരംതിരിക്കൽ തുടങ്ങി വിശകലനചിന്തയ്ക്ക് ഇടം നൽകും വിധമാകണം വായന.)<br>2. **ചിത്ര വായന**യിലേക്ക് നയിക്കാൻ പ്രചോദകമായ അന്തരീക്ഷം സൃഷ്ടിക്കണം( ഉദാ പാട്ടിൽ നിന്നും ചിത്രത്തിലേക്ക് )<br>3. ചിത്ര വായന പഠനനേട്ടവുമായി ബന്ധിപ്പിക്കണം- ( ഉദാഹരണം, ആഴത്തിലുള്ള വായന, പരിസരപഠനം)<br>4. ആഴത്തിലുള്ള വായനയ്ക്ക് സഹായകമായ ചേദ്യങ്ങൾ ടീച്ചിംഗ് മാന്വലിൽ വേണം | വിശകലനചിന്തയ്ക്ക് സഹായകമായ ചോദ്യങ്ങൾ ടീച്ചിംഗ് മാന്വലിൽ ഉണ്ട് ( ഉദാഹരണം<br>• കാക്ക എന്തിനായിരിക്കും വരുന്നത്? (ജീവിതാനുഭവവുമായി ബന്ധിപ്പിച്ച് വായന)<br>• മഴ പെയ്താൽ ആരെല്ലാം എവിടെല്ലാം പോകും? ( കാര്യകാരണബന്ധം)<br>• നിങ്ങളുടെ വീട്ടിൽ കാണുന്ന എന്തെല്ലാം കാര്യങ്ങൾ ചിത്രത്തിൽ കാണാം? ( അനുഭവവുമായി ബന്ധിപ്പിക്കൽ)<br>• എന്തുകൊണ്ടാണ് കാക്ക തൊഴുത്തിൽ മുട്ടയിടാത്തത്? ( യുക്തി ചിന്ത)<br>• അച്ഛൻ എന്തിനായിരിക്കും വെള്ളം കോരുന്നത്? ( സാധ്യതാചിന്ത) |
| • **കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കൽ.**<br>○ അനുയോജ്യമായ പുസ്തകങ്ങൾ ഒന്നാം മാസത്തിൽ തന്നെ കണ്ടെത്തണം.<br>○ അധ്യാപിക പുസ്തകങ്ങൾ ആസ്വാദ്യകരമായി വായിച്ചുകൊടുക്കണം<br>○ പ്രവചനം, ഭാവന, ചിന്ത എന്നിവ പരിഗണിക്കുന്നതിനുള്ള തന്ത്രങ്ങളും ചോദ്യങ്ങളും അനിവാര്യമാണ്<br>○ നിരന്തരം അധ്യാപികയുടെ നേതൃത്വത്തിൽ വായനാനുഭവം ലഭിക്കുന്ന ക്ലാസിൽ കുട്ടികൾ പുസ്തകക്കുറിപ്പെഴുതും<br>○ വായനമെച്ചപ്പെടുത്താൻ രക്ഷിതാക്കളുടെ പിന്തുണ തേടണം. | • ക്ലാസ് നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ക്ലാസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.<br>• അധ്യാപിക, രക്ഷിതാവ് പുസ്തകം വായിച്ചുകേൾപ്പിച്ചതിന്റെ അനുഭവം കുട്ടികൾ പറയുന്നു ( സാരാംശം, ക്ലാസ് വായനാ രീതി, ഇഷ്ടപ്പെട്ട ഭാഗം)<br>• വായിച്ച കേട്ട പുസ്തകങ്ങളുടെ ലിസ്റ്റ് ചാർട്ടിൽ പുസ്തകത്തിന്റെ പുറം ചട്ട നോക്കി കുട്ടികൾ എഴുതിയിട്ടുണ്ട്<br>• പുസ്തകത്തിലെ ആശയത്തെ ചിത്രീകരിച്ചിട്ടുണ്ട്<br>• ക്ലാസ് പി ടി എയിൽ വായനാനുഭവം പങ്കിടുന്നുണ്ട്<br>• അമ്മമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ( ക്ലാസ് പി ടി എ മിനിറ്റ്സ് ) |
| 3. **മനോചിത്ര രൂപീകരണം**<br>1. മനോചിത്രം രൂപപ്പെടും വിധമാണ് കഥാപാത്രങ്ങളേയും വസ്തുക്കളേയും അവതരിപ്പിക്കേണ്ടത്<br>2. കുട്ടി കഥകൾ പറയുമ്പോൾ, വസ്തുക്കൾ വിവരിക്കുമ്പോൾ ഇങ്ങനെ | • ടീച്ചിംഗ് മാന്വലിൽ സൂചനകളുണ്ട്.<br>• കുട്ടികളുടെ രചനയിലും വാചികപ്രകടനത്തിലും വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള പിന്തുണ നൽകുന്നുണ്ട്. |

| | |
|---|---|
| പ്രധാനസവിശേഷതകൾ പറയിക്കണം | |
| **4. ലേഖനം**<br>1. അഭിനയം, പദസൂര്യനിർമാണം, പട്ടിക , ചിത്രീകരണം, പദകേളി എന്നിവ ലേഖനത്തെ മെച്ചപ്പെടുത്തും.<br>2. ലേഖനപ്രവർത്തനത്തിലേക്ക് കുട്ടിയെ നയിക്കുന്നത് പ്രചോദകമായ പ്രവർത്തനാവതരണത്തിലൂടെ ആകണം.<br>3. കുട്ടികളുടെ രചനകളെ, അവതരണങ്ങളെ മെച്ചപ്പെടുത്താൻ സഹായകമായ വിധം നിരീക്ഷിക്കണം.<br>4. ഓരോ ലേഖന പ്രവർത്തനത്തിലും ഓരോ കുട്ടിയ്ക്കും ഫീഡ് ബാക്ക് ലഭിക്കണം.<br>5. **ഫീഡ് ബാക്കുകൾ** കുട്ടിയ്ക്ക് ഉൾക്കാഴ്ച ലഭിക്കും വിധമാകണം<br>6. കുട്ടി എങ്ങനെ ചിന്തിക്കുന്നു എന്നു മനസിലാക്കി വേണം ഫീഡ് ബാക്ക്<br>7. **നോട്ട് ബുക്ക്** ആകർഷകമാക്കുന്നതിന് സഹായകമായ ഇടപെടൽ നിരന്തരം നൽകണം. | • തീമുമായി ബന്ധപ്പെട്ട് നോട്ട് ബുക്കിൽ ചിത്രം വരച്ച് കളർ നൽകി അടിക്കുറിപ്പെഴുതിയിട്ടുണ്ട് ( ഉദാഹരണം വീട് നല്ല വീട് ഞാൻ വരച്ച വീട് )<br>• പങ്കാളിത്തത്തോടെ തയ്യാറാക്കിയ പദസൂര്യൻ - ചാർട്ടിൽ ബുക്കിൽ<br>• ചിത്ര ആൽബം ( ഉദാ.പലതരം വീടുകൾ)<br>• ടീച്ചിംഗ് മാന്വലിൽ സൂക്ഷ്മാസൂത്രണം പ്രതിഫലിക്കുന്നു<br>• ആധികാരികമായ തെളിവുകൾ, ഉദാഹരണങ്ങൾ, ക്ലാസ് ചർച്ച എന്നിവയിലൂടെ രചനാപ്രശ്നങ്ങൾ പരഹിരിക്കുന്നതിനുള്ള ഇടപെടൽ നടക്കുന്നു<br>• ഓരോ കുട്ടിക്കും ഫീഡ് ബാക്ക് നൽകിയതിന്റെ തിരിച്ചറിവുകളും രീതികളും വിലയിരുത്തൽ പേജിൽ<br>• നോട്ട് ബുക്കിലെ രേഖപ്പെടുത്തൽ സംബന്ധിച്ച് കൃത്യമായ ധാരണയോടെ അധ്യാപിക കുട്ടികളെ സഹായിക്കുന്നു ( സ്ഥല വിന്യാസം, പേജ് ക്രമീകരണം, തലക്കെട്ട്, തിരുത്തൽ രീതി, ആകർഷകത്വം ) |
| 5. കുട്ടികളുമായി ചേർന്നുള്ള ക്ലാസ് പ്രതിഫലന പ്രക്രിയ മെച്ചപ്പെടലിനു വഴിയൊരുക്കും | ദിനാന്ത്യചർച്ച ക്ലാസിൽ നടക്കുന്നുണ്ട്. (എന്തെല്ലാം ചെയ്തു, രേഖപ്പെടുത്തി, ഇഷ്ടപ്പെട്ടു, മനസിലാക്കി , തുടർന്നു ചെയ്യേണ്ടത് എന്നെല്ലാം) ഇതു സംബന്ധിച്ച വിലയിരുത്തൽ പേജിൽ കുറിപ്പ്. |
| 6. ഓരോ പഠനനേട്ടത്തെയും വ്യാഖ്യാനിച്ചാൽ മാത്രമേ എത്രത്തോളം ആഴത്തിൽ സമീപിക്കണമെന്ന വ്യക്തത ലഭിക്കൂ | ടീച്ചിംഗ് മാന്വലിൽ പഠനനേട്ടങ്ങൾ വ്യാഖ്യാനിച്ച് രേഖപ്പെടുത്തിയാണ് ആസൂത്രണം. |
| **7. ചിത്രകലാപരിശീലനവും ഭാഷാപാഠവും**<br>1. പ്രവർത്തനത്തിൽ ചിത്രീകരണ സാധ്യതയുണ്ടെങ്കിൽ അത് ചിത്രകലാപരിശീലനം കൂടിയാക്കണം<br>2. വീട് വരയ്ക്കുമ്പോൾ പോലും ടീച്ചർ വേർഷൻ ആവശ്യമാണ്<br>3. ആശയപ്രകാശനത്തിനും ചിത്രീകരണം ( വീടിന്റെ ഉപയോഗം) | • നോട്ട് ബുക്കിൽ ചിത്രീകരണസഹിതരചനകൾ ഉണ്ട്.<br>• ചിത്രീകരണത്തോടെയുള്ള വായനാസാമഗ്രികൾ, ചാർട്ടുകൾ എന്നിവ അധ്യാപിക തയ്യാറാക്കി മാതൃകാനുഭവം നൽകുന്നുണ്ട്.<br>• ടീച്ചിംഗ് മാന്വലിൽ ചിത്രരചനയുടെയും മറ്റു രചനകളുടെയും ടീച്ചർ വേർഷൻ ഉണ്ട് |
| **8. പ്രവൃത്തിപരിചയാനുഭവം**<br>1. തീമുമായി ബന്ധപ്പെട്ട നിർമാണപ്രവർത്തനത്തെ പ്രവൃത്തിപരിചയാനുഭവതലത്തിലേക്കു കൂടി ഉയർത്തണം | ഒറിഗാമി, തീപ്പെട്ടി കമ്പ്, കവർ, ഈർക്കിൽ , സ്ട്രോ, മറ്റ് വിവിധ സാധനങ്ങൾ എന്നിവ വെച്ചുള്ള വീട് നിർമാണം തുടങ്ങിയവ ക്ലാസിൽ നടന്നിട്ടുണ്ട്. ( ദ്വിമാന, ത്രിമാന രൂപങ്ങൾ) |

| | |
|---|---|
| 9. കുട്ടികൾക്കെല്ലാം പറഞ്ഞുകൊടുക്കുന്നതിനു പകരം അന്വേഷിച്ചറിയാനും അവസരം നൽകണം ( വീടിന്റെ ഉപയോഗം) | കുട്ടികൾ അന്വേഷിച്ചറിയേണ്ട കാര്യങ്ങൾ ടീച്ചിംഗ് മാന്വലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br>കുട്ടികളുടെ കണ്ടെത്തലുകളെ പ്രയോജനപ്പെടുത്തുന്നുണ്ട്. |
| 10. പാഠവുമായി ബന്ധിപ്പിച്ച് വൈവിധ്യമുള്ള പ്രവർത്തനാനുഭവം ആസ്വാദ്യകരമായി നൽകുകയാണെങ്കിൽ അത് സന്നദ്ധതാ പ്രവർത്തനം കൂടിയായി മാറും<br><br>11. കുട്ടികൾക്ക് അംഗീകാരം നൽകണം ചെറിയ ക്ലാസുല്പന്നങ്ങൾ , നിർമാണോല്പന്നങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ സമ്മാനം നൽകണം.<br>12. പ്രക്രിയാധാരണ, പരിശീലനാശയത്തിന്റെ ട്രൈ ഔട്ട്, ഗവേഷണാത്മകത, അധ്യാപന സർഗാത്മകത തുടങ്ങിയവ പ്രതിഫലിക്കുന്നതാകണം ടീച്ചിംഗ് മാന്വൽ . | പ്രമേയവുമായി ബന്ധപ്പെടുത്തി കളികൾ, കൂട്ടപ്പാട്ട്, ചിത്രം വര, നിർമാണപ്രവർത്തനം, നാടകീകരണം, ശേഖരണപ്രവർത്തനം, കഥപറയൽ, പുസ്തകം വായിച്ചുകേൾപ്പിക്കൽ, ചിത്രവായന തുടങ്ങിയവ നൽകി സന്നദ്ധതാപ്രവർത്തനത്തിനും ഒപ്പം പ്രമേയാടിസ്ഥാനത്തിലുള്ള അനുഭവങ്ങൾക്കും അവസരം സൃഷ്ടിക്കുന്നുണ്ട്.<br>ഓരോ കുട്ടിയുടെയും വിവിധങ്ങളായ കഴിവുകളേയും ചെറുതും വലുതുമായ നേട്ടങ്ങളെയും കണ്ടെത്തി പ്രോത്സാഹനം പ്രചോദനം എന്നിവ നൽകുന്നുണ്ട്.<br>ടീച്ചിംഗ് മാന്വലിൽ ട്രൈ ഔട്ട് നടത്തിയതിന്റെ തെളിവുകൾ ഉണ്ട്.<br>പരിശീലനത്തിൽ സൂചിപ്പിച്ച ആശയമുൾക്കൊണ്ട് നിരന്തരം ടീച്ചിംഗ് മാന്വൽ മെച്ചപ്പെടുത്തുന്നുണ്ട്. |

**ട്രൈ ഔട്ട്**

ആദ്യമാസം ഒന്നോ രണ്ടോ എണ്ണം. മുൻഗണന ടീച്ചർ നിശ്ചയിക്കണം. തീരുമാനം എസ് ആർ ജിയിൽ മിനിറ്റ്സ് ചെയ്യണം.

1. ആഴത്തിലുള്ള വായന
2. പുസ്തകം വായിച്ചു കൊടുക്കൽ
3. അമ്മമാരുടെ പിന്തുണയും വായനയും
4. വായനാസാമഗ്രി നിർമാണവും ഉപയോഗവും
5. ഫീഡ് ബാക്ക് നൽകൽ
6. സൂക്ഷ്മാസൂത്രണം
7. കൂട്ടായ പ്രതിഫലനം
8. നോട്ട് ബുക്ക് മെച്ചപ്പെട്ടതാക്കൽ
9. കലയും പ്രവൃത്തിപരിചയവും ഭാഷാപഠനത്തോടൊപ്പം.
10. പഠനനേട്ട വിലയിരുത്തലും രക്ഷിതാക്കളും.

**ഗണിതം**

| പ്രധാന ആശയങ്ങൾ | ഒന്നാം ക്ലാസിൽ കാണേണ്ടത്, ചെയ്യേണ്ടത്,തെളിവായി കിട്ടേണ്ടത്. |
|---|---|
| 1. ഗണിതകളികൾ പഠനതാല്പര്യം വർധിപ്പിക്കും. 2.പിന്നാക്കമായിപ്പോയവർ, ദൃശ്യപരവും ചലനപരവുമായ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ കഴിവുള്ളവർ എന്നിവർക്ക് ഏറെ സഹായകം | അധ്യാപിക വളരുന്ന ഗണിതകേളീശേഖരത്തിൽ നിന്നും അനുയോജ്യമായ കളികൾ പ്രയോജനപ്പെടുത്തി ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നുണ്ട്.<br>കുട്ടികൾ വിവധ ഗണിതകേളിൽ ഏർപ്പെടുന്നുണ്ട് |

| | |
|---|---|
| 3.ഫലപ്രദമായ ആശയരൂപീകരണത്തിനും തത്സമയ പ്രയോഗത്തിനും കളികൾ സഹാകയമാണ്.<br>4.ഗണിതകേളികൾ വീഡിയോയിൽ റിക്കാർഡ് ചെയ്യുന്നത് സ്വയം വിലയിരുത്തുന്നതിന് സഹായകമാണ്.<br>5.ഡിജിറ്റൽ പോർട്ട് ഫോളിയോ തയ്യാറാക്കുന്നത് ക്ലാസ് മികവുകൾ സമൂഹം , രക്ഷിതാവ് , അധ്യാപകർ എന്നിവരുമായും മികവുത്സവങ്ങളിൽ പങ്കിടുന്നതിനും സഹായിക്കും | ഗണിതകളികളുടെ അനുഭവം കുട്ടികൾക്ക് വിശദീകരിക്കാൻ കഴിയുന്നുണ്ട്<br>ഗണിതകളിയിലേർപ്പെട്ടതിനു ശേഷം അത് വിശകലനം ചെയ്യുന്നുണ്ട്.<br>ഗണിതകേളിക്കുള്ള സാമഗ്രികൾ ക്ലാസിൽ ദൃശ്യമാണ്<br>ക്ലാസ് പി ടി എയിൽ ഗണിതകേളി ഉപയോഗിക്കുന്നതിന്റെ പ്രാധാന്യം ചർച്ച ചെയ്തിട്ടുണ്ട്. ( മിനിറ്റ്സ് )<br>നോട്ട് ബുക്കിൽ ഗണിതകളിയുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുണ്ട്.<br>ഡിജിറ്റൽ പോർട്ട് ഫോളിയോ യാഥാർഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഗണിതപഠനത്തിൽ സൂക്ഷ്മത, കൃത്യത എന്നിവ രേഖപ്പെടുത്തലിലും പാലിക്കേണ്ടതാണ്. തുടക്കം മുതൽ ഇത് പരിശീലിക്കണം. അതിനാൽ നോട്ട് ബുക്ക് സമഗ്രവും ആകർഷകവുമാക്കണം. | കുട്ടിയുടെ നോട്ട് ബുക്കിൽ അധ്യായത്തിന്റെ പേര് ( ടീച്ചറെഴുതി നൽകാം. കുട്ടികൾക്ക് പകർത്തി എഴുതാം), പേജുകൾക്ക് ക്രമനമ്പർ (ഒന്നു മുതൽ ഇരുപത് വരെ ആദ്യം. ക്ലാസ് പഠനപ്രവർത്തനം എന്ന നിലയിൽ. ഘട്ടം ഘട്ടമായി ബാക്കി.)<br>പ്രവർത്തനത്തിന്റെ തലക്കെട്ട് , മാർജിൻ ,<br>പട്ടിക, ക്രിയ, ചിത്രീകരണം എന്നിവ<br>ഒട്ടിച്ചത്, കട്ടൗട്ടുകൾ വെച്ചു വരച്ചത്, സ്റ്റാമ്പ് ചിത്രങ്ങൾ നിറം നൽകിയത് എന്നിവയുണ്ട്. ഓരോന്നും ബുക്കിൽ ഏതു ഭാഗത്ത് എഴുതണമെന്നു നിർദേശിച്ചത് പാലിച്ചെഴുതിയിട്ടുണ്ട്<br>നോട്ട് ബുക്കിൽ അധ്യാപികയുടെ ഫീഡ്ബാക്ക് ( അംഗീകാരം ( നക്ഷത്രം, സ്റ്റാമ്പ് ഇറ്റ് ചിത്രം പതിപ്പിച്ചത്, ) മെച്ചപ്പെടലിനുള്ള ഇടപെടലുകൾ ) ദൃശ്യമാണ്.<br>സംഖ്യാചിത്രീകരണം, സ്വന്തമായി പ്രശ്നപരിഹരണത്തിൽ ഏർപ്പെട്ടതിന്റെയും തന്റേതായ രീതികൾ അന്വേഷിച്ചതിൻറെയും തെളിവുകൾ പ്രകടമാണ്. |
| രണ്ട് ഒരക്ക സംഖ്യകളുടെ തുകകാണുന്നതിന് സൗഹൃദസംഖ്യകൾ ആധാരമാക്കാം ( ഉദാ പത്തിനെ ആധാരാമാക്കിയുള്ള ചിന്ത- ടെൻ ഫ്രെയിം) | ടെൻ ഫ്രെയിമിൽ രേഖപ്പെടുത്തലുകൾ നടത്തുന്നുണ്ട്<br>ടെൻ ഫ്രെയിം ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തുന്നുണ്ട്<br>സംഖ്യാബന്ധങ്ങൾ കുട്ടികൾ കണ്ടെത്തുന്നുണ്ട്. |
| **പ്രായോഗിക പ്രശ്നങ്ങളുടെ സാധ്യതകളും പ്രാധാന്യവും**<br>1. പ്രശ്നാവതരണം, പ്രശ്നവിശകലനം, പ്രശ്നനിർധാരണം എന്നിവയ്ക്കുള്ള വിവിധ തന്ത്രങ്ങൾ പ്രയോജനപ്പെടുത്തണം.<br>2. പഠനപ്രവർത്തനത്തിന്റെ എല്ലാ സവിശേഷതകളും ഉള്ളവയായിരിക്കണം പ്രായോഗിക പ്രശ്നങ്ങൾ.(കൗതുകമുണർത്തുന്നത്, പരിചിത | ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് നൽകേ പ്രായോഗിക പ്രശ്നങ്ങൾ പ്രവർത്തനപാക്കേജ് അധ്യാപകരും രൂപീകരിച്ചിട്ടുണ്ട്<br>**സൂചകങ്ങൾ**<br>× കുട്ടികൾ ഏറ്റെടുക്കുന്ന വിധത്തിൽ പ്രശ്നത്തെ അവതരിപ്പിക്കുവാൻ കഴിഞ്ഞോ? |

| | |
|---|---|
| മായത്, കുട്ടിയുടെ പ്രകൃതം ഉൾക്കൊള്ളുന്നത് തുടങ്ങിയവ) ,നിത്യജീവിതവുമായി ബന്ധപ്പെട്ടതാകണം. കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊാവണം. നിർദ്ദിഷ്ട പഠനനേട്ടം ഉറ്റക്കൊള്ളുന്നത്. വ്യത്യസ്ത തന്ത്രങ്ങൾക്ക് സാധ്യത (കഥ, കവിത, പട്ടിക, സംഭാഷണം,<br>3. പ്രശ്ന വിശകലനത്തിന് വ്യത്യസ്ത മാർഗങ്ങളു്.<br>4. പ്രായോഗിക പ്രശ്നങ്ങൾ ക ശരിയായ നിഗമനത്തിൽ എത്തിച്ചേരാ ൻ കുട്ടികൾ ക ൃത്യമായി വിശകലനരീതി പിന്തുടരണം.<br>– പ്രശ്നനിർധാരണത്തിന് വ്യത്യസ്ത രീതികളു്.<br>– പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിലൂടെ കുട്ടികൾക്ക് പ്രശ്നപരിഹരണശേഷിയും ആത്മവിശ്വാസവും വർധിക്കും.<br>– പ്രശ്നരൂപീകരണം പ്രശ്നപരിഹരണത്തെ സഹായിക്കുന്നു. | × അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ സ്വീകരിച്ചിട്ടു ണ്ട്<br>× പ്രശ്നവിശകലനത്തിന് വ്യത്യസ്ത രീതികൾ സ്വീകരിക്കാൻ കുട്ടികൾ ശ്രമിച്ചിട്ടുണ്ട്?<br>× പ്രശ്നവിശകലനത്തിന് സഹായിക്കുന്ന ചോദ്യങ്ങൾ ടീച്ചിംഗ് മാന്വലിൽ ഉണ്ട്<br>× പ്രശ്നവിശകലനരീതി അവതരിപ്പിക്കാൻ കുട്ടികൾക്കവസരം ലഭിക്കുന്നുണ്ട്<br>× പിന്നോക്കക്കാരായ കുട്ടിക ൾ നില മെച്ചപ്പെടുത്തിയിട്ടുണ്ട്<br>× |
| • ടീച്ചിംഗ്മാന്വൽ തയ്യാറാക്കുമ്പോൾ സൂക്ഷ്മപ്രക്രിയ പാലിക്കണം (മുന്നറിവ് കണ്ടെത്താനുള്ള പ്രവർത്തനസൂചന, പ്രശ്നാവതരണം,പ്രശ്നവിശലകലന ചോദ്യങ്ങൾ, കുട്ടികളുടെ ചിന്തപങ്കു വെക്കൽ, പ്രശ്നപരിഹരണഘട്ടങ്ങളിലെ പിന്തുണാസന്ദർഭങ്ങളും രീതികളും, അനുരൂപീകരണം, പഠനസാമഗ്രികളുടെ ഉപയോഗം, ഐ സി ടി ഉപയോഗിക്കുന്ന രീതി, നോട്ട് ബുക്കിലെ രേഖപ്പെടുത്തൽ മെച്ചപ്പെടുത്താൻ സഹായകമായ സൂചനകൾ, ഓരോ കുട്ടിക്കുമുള്ള പരിഗണന, സംഘപ്രവർത്തനത്തിലെ ചുമതലാവിഭജനവും പങ്കിടൽ രീതിയും, ക്ലാസ് തല ചർച്ചയും ക്രോഡീകരണവും കൂടുതൽ തെളിവുകളും പ്രയോഗസന്ദർഭങ്ങളും അന്വേഷണങ്ങളും, ഫീഡ് ബാക്ക് നൽകൽ, വിലയിരുത്തൽ ) | • പ്രവർത്തനാനന്തരൂപീകരണം നടത്തിയ ടീച്ചിംഗ് മാന്വൽ . അതിന്റെ ഫലവിശകലനമുള്ള വിലയിരുത്തൽ പേജ്<br>• ഐ സി ടി സാമഗ്രികൾ, അതിന്റെ പ്രക്രിയ വ്യക്തമാക്കുന്ന ടി എം,<br>• പ്രശ്നപരിഹരണഘട്ടങ്ങളിൽ തത്സമയപിന്തുണയും ഫീഡ് ബാക്കും ലഭിക്കുന്നുണ്ട്<br>• കുട്ടികളുടെ ചിന്താതടസ്സങ്ങൾ മറികടക്കാൻ പര്യാപ്തമായ വിശകനാത്മക ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്<br>• കുട്ടികൾ അധ്യാപികയുടെ പിന്തുണയോടെ പ്രശ്നപരിഹരണശേഷി നേടുന്നതിനു ശ്രമിക്കുന്നുണ്ട്<br>• സംഘപ്രവർത്തനം മോണിറ്റർ ചെയ്യുന്നുണ്ട്. എല്ലാവരുടെയും പങ്കിളിത്തം ഉറപ്പാക്കുന്നുണ്ട്, ഫീഡ് ബാക്ക് നൽകുന്നുണ്ട്.<br>• പൊതുചർച്ചയിൽ വ്യത്യസ്തമായ രീതികളെ മാനിക്കുന്നുണ്ട്. കുട്ടികളിൽ നിന്നും കൂടുതൽ സാധൂകരണങ്ങളും തെളിവുകളും തേടുന്നുണ്ട്. എല്ലാ കുട്ടികളും ആശയരൂപീകരണം  നടത്തുന്നതിനു സഹായകമായ വൈവിധ്യമുള്ള ഇടപെടലുകൾ ഉണ്ട്<br>• നോട്ടുബുക്കിലെ രേഖപ്പെടുത്തൽ സംബന്ധിച്ച് കൃത്യമായ നിർദേശം നൽകുന്നുണ്ട്. രേഖപ്പെടുത്തൽ ആകർഷകമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കുട്ടികൾ ശ്രദ്ധിക്കുന്നുണ്ട്. |

| Areas addressed | Classroom reflection / Learning evidences |
|---|---|
| 1. Teachers prepare specific learning outcomes for each unit as a part of classroom planning.for example: genaral LO – Reading with comprehension.Specific LO<br>• Who are the characters ?<br>• What is the theme ?<br>• The relation between each characters<br>• The events and characters related to each event | ◆ Evidences in TM for connecting issues to the specific learning outcome in the reflection note |
| **2. ICT integrated classroom .**<br>• Teachers utilizes the possibility of ICT for classroom interaction, eliciting text,picture discription etc<br>The possibility of different slots for using ICT<br>• As an entry activity<br>• As a tool for enriched interaction<br>• As an accelerator for collaborative reading/ activity | ◆ Slots of ICT are mentioned in TM<br>◆ Teachers are interacting in the classroom using ICT<br>◆ Infra structure has changed for the apt utilisation of ICT<br>- How to elicit ideas in the text ?<br>- How to evolve events from the children through interaction ?<br>- How can it be used to create situations to predict the next events ?<br>• |
| 3. Producing Children's literature<br>Teachers prepare children's literature based on themes considering the classroom needs. | ◆ Evidences of using children's literature for every unit (Theme based) keeping the salient features of children's literature such as dynamics, brevity,and attractive physically in teaching manaul and..<br>◆ Displayed children's literature in the reading corners. |
| 4. Preparation of reading cards<br>Teachers prepare and write reading cards needed for different units with the help of parents | ◆ Slots for using reading cards in TM<br>◆ Decision taken Preparing reading cards with the help of parents ( lay out / picture pasting )<br>◆ Collection of reading cards in reading corners.<br>◆ Children are able to read the reading cards displayed ( Graphic reading) |
| 5. Puppetry as a pedagogic tool | ◆ Presentation of puppetry based on units |

<table>
<tr><td>Teachers prepare puppets of characters chick, duckling, rat, bat, cat, hat, bat etc.</td><td>◆ Evidences of incorporating puppets in TM<br>◆ Different puppets are displayed in class rooms<br>◆ Children enjoy in preparing puppets</td></tr>
<tr><td colspan="2"><u>Try out areas:</u><br>1. Children's literature<br>2. Reading cards<br>3. Integrating Puppetry in classroom process.</td></tr>
</table>